# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 03**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## നിപ്പ : ആശങ്കവേണ്ടെന്നു ജില്ലാ കളക്ടർ - മുൻകരുതലകളുമായി ആരോഗ്യവകുപ്പ്

കൊച്ചിയിൽ നിപ്പ രോഗം സംശയാസ്പദമായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ജില്ലയിൽ ആരോഗ്യവകുപ്പ് മുൻകരുതൽ പ്രവർത്തനങ്ങൾ ശക്തമാക്കി പ്രാരംഭഘട്ടമായി ജില്ലാമെഡിക്കൽ ഓഫീസിൽ ഓഫീസർമാരുടെ അടിയന്തിരയോഗം വിളിച്ചുചേർക്കുകയും പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ തയ്യാറാക്കുകയും ചെയ്തു. തുടർന്ന്ജില്ലാ കളക്ടറുടെ ക്യാമ്പ് ഹൗസിൽ ഡി .എം .ഒ അടക്കമുള്ള ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, തൃശൂർ ജനറൽആശുപത്രി സൂപ്രണ്ട്, മറ്റു ഡോക്ടർമാർ ,മൃഗസംരക്ഷണവകുപ്പ്, പബ്ലിക് റിലേഷൻസ് വകുപ്പ്, വനം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന യോഗംകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി . ജില്ലാ മെഡിക്കൽ ഓഫീസർ
ഡോ. കെ ജെ.റീന നിപ്പയുമായി ബന്ധപ്പെട്ടു ജില്ലയിലെ നിലവിലെ സ്ഥിതിഗതികൾ വിശദീകരിച്ചു. നിലവിൽ രോഗിയുമായി ഏതെങ്കിലും തരത്തിൽ സമ്പർക്കം പുലർത്തിയിട്ടുള്ള എല്ലാവരുടെയും വിവരങ്ങൾശേഖരിക്കുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഇതേ തുടർന്ന് ജില്ലയിൽ ആശങ്കപ്പെടേണ്ടസ്ഥിതിഗതികൾ നിലവിലില്ലെന്നും പൊതുജനങ്ങൾ പരിഭ്രാന്തരാകേണ്ട കാര്യമില്ലെന്നും ജില്ലാ കളക്ടർ വ്യക്തമാക്കി. എങ്കിലും രോഗിയുമായിസമ്പർക്കത്തിലേർപ്പെടുന്നവർ മെഡിക്കൽ കോളേജിലോ ജനറൽ ആശുപത്രിയിലോ ഡോക്ടറുടെ സഹായം തേടണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർഅറിയിച്ചു . കൂടാതെ അടിയന്തിര ഘട്ടത്തിൽ രോഗികളെ പാർപ്പിക്കേണ്ട സന്ദർഭം മുൻകൂട്ടി കണ്ടുകൊണ്ടു തൃശൂർ ജനറൽ ആശുപത്രിയിലും മെഡിക്കൽകോളേജിലും പ്രത്യേക വാർഡുകൾ സജ്ജമാക്കിയിട്ടുണ്ടെന്നും ഡി എം ഒ വ്യക്തമാക്കി. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല ഉപയോഗിച്ച് മൂക്കും വായും മറയ്ക്കാൻ ശ്രദ്ധിക്കുക.പൊതുസ്ഥലങ്ങളിൽ തുപ്പാതിരിക്കുക, ചുമയ്ക്കുമ്പോൾ ഒ.പി. ടിക്കറ്റ്, ന്യൂസ് പേപ്പർ മുതലായവകൊണ്ട് മുഖം മറയ്ക്കാതിരിക്കുക.ചുമച്ചുകഴിഞ്ഞാൽ കൈകൾ സോപ്പുപയോഗിച്ചു കഴുകുക .ഉപയോഗിച്ച ടിഷ്യു പേപ്പറുകൾ,മാസ്ക് എന്നിവ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക .ആശുപത്രികളിൽ വരുമ്പോൾ തൂവാല നിർബന്ധമായും കയ്യിൽ കരുതുക ഇക്കാര്യങ്ങൾ മുൻകരുതലായി സ്വീകരിക്കണമെന്ന് ഡിഎംഒ അറിയിച്ചു.

## കയ്യേറ്റങ്ങൾ അനുവദിക്കില്ല : വനിതാകമ്മീഷൻ

സ്ഥലത്തിന്റേയോ വ്യക്തികളുടേയോ പേരിലുള്ള കയ്യേറ്റങ്ങൾ അനുവദിക്കില്ലെന്ന് സംസ്ഥാന വനിതാ കമ്മീഷൻ. തൃശൂർ ടൗൺ ഹാളിൽ നടന്ന അദാലത്തിൽ 314 കേസുകളിൽ 50 പരാതികൾ തീർപ്പാക്കിയ പശ്ചാത്തലത്തിലാണ് ചെയർ പേഴ്സൺ എം സി ജോസഫൈൻ കമ്മീഷന്റെ നയം വ്യക്തമാക്കിയത്. തീർപ്പാക്കിയ കേസുകളിൽ കൂടുതലും സ്ഥലം കയ്യേറ്റവും വീടുകയ്യേറ്റവും ആയിരുന്നു. സ്ത്രീ താമസിച്ചിരുന്ന വീട് അമ്മയ്ക്കും മകൾക്കും താമസിക്കാൻ നൽകി തിരിച്ചു നൽകാതിരുന്ന സംഭവത്തിൽ വനിതാകമ്മീഷൻ അമ്മയോടും മകളോടും മാറിത്താമസിക്കുവാൻ ഉത്തരവിട്ടു. തൃശൂരിലെ പ്രമുഖ തുണി വ്യാപാര സ്ഥാപനം സ്ഥലം കയ്യേറിയെന്നാരോപിച്ച് നൽകിയ പരാതിയിൽ വിവരങ്ങൾ അന്വേഷിച്ച് എത്രയും വേഗം മറുപടി നൽകാനും വനിതാ കമ്മീഷൻ നിർദേശിച്ചു. 15 കേസുകൾ മാറ്റി വെച്ചു. ഇന്നു

പരിഗണിക്കാതിരുന്ന 49 കേസുകൾ അടുത്ത അദാലത്തിൽ പരിഗണിക്കുമെന്നും ചെയർ പേഴ്സൺ അറിയിച്ചു. വനിതാ കമ്മീഷൻ അംഗം അഡ്വ. ഷിജി ശിവജി, ഡയറക്ടർ വി വി കുരിയാക്കോസ് തുടങ്ങിയവർ പങ്കെടുത്തു.

## ക്വട്ടേഷൻ

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള കൊടുങ്ങല്ലൂർ ശിശുവികസന പദ്ധതി ഓഫീസിന്റെ ആവശ്യത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ വാഹനം (കാർ/ജീപ്പ്) വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 10 വൈകീട്ട് മൂന്ന് മണി. ഫോൺ : 0480-2805595.

## എന്യൂമറേറ്റർ നിയമനം

ഫിഷറീസ് വകുപ്പിൽ മറൈൻ സർവെ ചെയ്യുന്നതിനായി താൽക്കാലികാടിസ്ഥാനത്തിൽ എന്യൂമറേറ്റർ നിയമനം നടത്തുന്നു. ഫിഷറീസ് സയൻസിൽ ബിരുദം/ബിരുദാനന്തബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ജൂൺ 6 ഉച്ചയ്ക്ക് 2 ന് തൃശൂർ പള്ളിക്കുള്ളത്ത് പ്രവർത്തിക്കുന്ന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ 0487-2441132.

## ദർഘാസ്

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള കൊടകര ശിശുവികസന പദ്ധതി ഓഫീസിന്റെ ആവശ്യത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ വാഹനം (കാർ/ജീപ്പ്) വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 17 വൈകീട്ട് നാല് മണി. ഫോൺ : 0480-2757593.

## ടെണ്ടർ

തൃശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസിന്റെ ആവശ്യത്തിന് 2019 ജൂൺ മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിലേക്ക് നിബന്ധനകൾക്ക് വിധേയമായി വാഹനം വാടകയ്ക്ക് നൽകുവാൻ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 18 2 മണി. ഫോൺ : 0487-2321702.

## താൽക്കാലിക നിയമനം

പട്ടികജാതി വികസന വകുപ്പിന് കീഴിൽ വടക്കാഞ്ചേരി, ചേലക്കര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹിന്ദി, എംസിആർടി, ഡ്രോയിങ്, മ്യൂസിക് ടീച്ചർ എന്നീ തസ്തികളിൽ താൽക്കാലിക നിയമനം നടത്തുന്നു. മുൻപ് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ ജൂൺ 11 രാവിലെ 11 ന് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2362381.

## ലേലം

വാറ്റ് കുടിശ്ശിക ഈടാക്കുന്നതിന് കണിയാർകോട് വില്ലേജ് സർവെ നമ്പർ 864/2 ൽ 0.2064 ഹെക്ടർ കൈവശവസ്തു ജൂലൈ 2 രാവിലെ 11 ന് കണിയാർകോട് വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ഫോൺ : 0487-2433469.

## കരാർ നിയമനം

തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ലക്ചറർ ഇൻ സൈക്ക്യാട്രിക്ക് സോഷ്യൽ വർക്ക്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നീ തസ്തികളിൽ കരാർ നിയമനം നടത്തുന്നു.

താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ജൂൺ 11 രാവിലെ 10 ന് അഭിമുഖത്തിന് എത്തണം.

*************************************************************

## മാധ്യമപ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

പ്രധാനമന്ത്രിയുടെ ഗുരുവായൂർ സന്ദർശനവുമായി ബന്ധപ്പെട്ട് പാസ് ലഭിക്കുന്നതിന് റിപ്പോർട്ടർ, ഫോട്ടോഗ്രാഫർ, ക്യാമറാമാൻ എന്നിവർ ബ്യൂറോ ചീഫിന്റെ കത്തും രണ്ടു ഫോട്ടോഗ്രാഫും 2019 ജൂൺ 4 വൈകീട്ട് 5 നകം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ എത്തിയ്ക്കണം.

വിശ്വസ്തതയോടെ,

ജില്ലാ ഇൻഫർമേഷൻ ഓഫീസർ,
തൃശൂർ

*************************************************************